നത്തിൽ ഡിപ്പാർട്ടുമെൻറൽ സ്റ്റാഫിൻെറ ഒരു പുനരേകീകരണം നടത്തിയിട്ടുണ്ട്.

(സി) കൃഷി വകുപ്പിൻെറ സമഗ്രമായ പുനഃസംഘടനയെ ഉദ്ദേശിച്ചുകൊണ്ടുള്ള ഒരു പദ്ധതി ഗവൺമെൻറിൻെറ പരിഗണനയിലുണ്ട്. അത് നടപ്പിലാക്കുന്നതോടുകൂടി സ്റ്റാഫിൻെറ കാര്യത്തിൽ എന്തെങ്കിലും കുറവുകൾ ഉണ്ടെങ്കിൽ അത് പരിഹരിക്കപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു.

(ഡി) 100.

കേരള ലൈവ് സ്റ്റോക്ക് ഡെവലപ്മെൻറ് ആൻറ് മിൽക്ക് മാർക്കറിംഗ് ബോർഡ്

*380 [399] ശ്രീ. കെ. പി. വിശ്വനാഥൻ:

ശ്രീ. സ്റ്റീഫൻ പാട്ടുവ:

ശ്രീ. എൻ. പി. മൊയ്തീൻ:

ശ്രീ. സി. പി. ഗോവിന്ദൻ നമ്പ്യാർ:

ശ്രീ. കെ. പി. നൂറുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ;

(എ) കേരള ലൈവ് സ്റ്റോക്ക് ആൻറ് മിൽക്ക് മാർക്കറിംഗ് ബോർഡ് എന്നാണ് നിലവിൽ വന്നത്; അതിൻെറ പ്രവർത്തനത്തിന് എന്തു തുക ചെലവായി;

(ബി) ബോർഡിൻെറ പ്രവർത്തനത്തിൽ ഗവൺമെൻറിന് ലാഭമോ നഷ്ടമോ എത്ര;

(സി) നഷ്ടമാണെങ്കിൽ അതിന് കാരണമെന്ത്; നഷ്ടം പരിഹരിക്കുന്നതിന് എന്തു നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്;

(ഡി) ബോർഡ് നിലവിൽ വരുന്നതിനുമുമ്പ് ക്ഷീരോൽപ്പന്നങ്ങൾ വിതരണം ചെയ്യാൻ ഉണ്ടായിരുന്ന സംവിധാനം എന്തായിരുന്നു; ആ സമ്പ്രദായം ലാഭകരമായിരുന്നോ?

കൃഷി വകുപ്പു മന്ത്രി (ശ്രീ. എ. എൽ. ജേക്കബ്):

(എ) 1975 നവംബർ മാസത്തിലാണ് ബോർഡ് നിലവിൽ വന്നത്. ഇതിൻെറ പ്രവർത്തനത്തിനായി ഗവൺമെൻറിൽ നിന്നും 253.76 ലക്ഷം രൂപ ചെലവായിട്ടുണ്ട്.

(ബി, സി) ബോർഡിൻെറ വാർഷിക കണക്കുകൾ തയ്യാറാക്കുന്നതേയുള്ളു. കണക്കുകൾ തിട്ടപ്പെടുത്തിയതിനുശേഷം മാത്രമേ ലാഭനഷ്ടത്തെപ്പറ്റിയുള്ള ശരിയായ വിവരം നൽകാൻ കഴിയുകയുള്ളു.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ബോർഡ് നിലവിൽ വരുന്നതിനു മുമ്പ് ക്ഷീരോൽപ്പന്നങ്ങൾ വിതരണം ചെയ്തിരുന്നത് ക്ഷീര വികസന വകുപ്പിന്റെ നിയന്ത്രണത്തിലുള്ള വിപണന കേന്ദ്രങ്ങൾ വഴിയായിരുന്നു. അന്നത്തെ വിതരണ സമ്പ്രദായം ലാഭകരമായിരുന്നില്ല.

അദ്ധ്യാപകർക്കുള്ള പ്രത്യേക ചികിൽസാ സൗകര്യം

*381 [400] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) അദ്ധ്യാപകർക്കുള്ള ചികിൽസാ സൗകര്യം എല്ലാ മെഡിക്കൽ കോളേജുകളിലും ഏർപ്പെടുത്തുമോ;

(ബി) ഇത്തരത്തിലുള്ള ചികിൽസാ സൗകര്യം കേരളത്തിലെ എൻ. ജി. ഒ. മാർക്കും ബാധകമാക്കാമോ?

പൊതുജനാരോഗ്യ വകുപ്പു മന്ത്രി (ശ്രീ. കെ. പി. പ്രഭാകരൻ): (എ) കേരളത്തിലെ ചില ജില്ലാ ആശുപത്രികളിലും തിരുവനന്തപുരം, കോട്ടയം, കോഴിക്കോട് എന്നിവിടങ്ങളിലെ മെഡിക്കൽ കോളേജ് ആശുപത്രികളിലും അദ്ധ്യാപകർക്കു മാത്രമായി പേവാർഡുകൾ നിർമ്മിക്കുവാൻ ഗവൺമെന്റ് അനുമതി നൽകിയിട്ടുണ്ട്. എന്നാൽ പേവാർഡു നിർമ്മാണത്തിന്റെ മുഴുവൻ ചെലവും വഹിക്കുന്നതു അദ്ധ്യാപക സാന്ട്രോറിയാ സൊസൈറ്റി എന്ന സംഘടനയാണ്. ആലപ്പുഴ മെഡിക്കൽ കോളേജ് ആശുപത്രിയിലും അദ്ധ്യാപകർക്കായി പേവാർഡുകൾ പ്രത്യേകമായി നിർമ്മിക്കണമോ എന്ന് ആദ്യമായി തീരുമാനിക്കേണ്ടത് അദ്ധ്യാപകരുടെ സംഘടനയാണ്.

(ബി) ഇതേ സംബന്ധിച്ച് ആദ്യം തീരുമാനമെടുക്കേണ്ടത് എൻ. ജി. ഒ. മാരുടെ സംഘടനകളാണ്. അങ്ങനെ നിർദ്ദേശങ്ങളൊന്നും സർക്കാരിന് ലഭിച്ചിട്ടില്ല.

ലാൻഡ് യൂട്ടിലൈസേഷൻ ഓർഡർ റദ്ദാക്കൽ

*382 [401] ശ്രീ. ജി. പി. മംഗലത്തുമഠം:

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി:

ശ്രീ. എം. പി. ഗംഗാധരൻ:

ശ്രീ. തുണ്ടത്തിൽ കുഞ്ഞുകൃഷ്ണപിള്ള: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

നെൽക്കൃഷിക്കാർ സ്വന്തം കൃഷി ഭൂമിയിൽ മറ്റ് ആദായകരമായ കൃഷി ഇറക്കുന്നതിന് ഇന്ന് തടസ്സമായി നിൽക്കുന്ന 1978-ലെ ലാൻഡ് യൂട്ടിലൈസേഷൻ ഓർഡർ റദ്ദാക്കുവാൻ വിരോധമില്ലെന്ന് കേന്ദ്ര കൃഷി മന്ത്രി സംസ്ഥാന ഗവൺമെന്റിനെ അറിയിച്ചിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly